**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.09.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഇന്ന് ദേശീയ അധ്യാപകദിനം. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു 48 സ്കൂൾ അധ്യാപകർക്ക് ദേശീയ പുരസ്കാരങ്ങൾ സമ്മാനിക്കും.

   **Today is National Teachers' Day. President Droupadi Murmu will present National Awards to 48 Teachers in New Delhi.**

2. അധ്യാപകർ പുതിയ സാങ്കേതികവിദ്യകളും നൂതന അധ്യാപന രീതികളും സ്വീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആഹ്വാനം ചെയ്തു.

   **President Droupadi Murmu has called upon teachers and educators to continually update their knowledge, embrace technology, and adopt innovative teaching methods.**

3. ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi will participate in the centenary celebrations of Shri Ram College of Commerce in New Delhi today.**

4. തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ നിർത്തിയിട്ട ലോറിയിൽ കാറിടിച്ചുണ്ടായ അപകടത്തിൽ എട്ട് മരണം. മരിച്ചവർ ഡിണ്ടിഗൽ പി.എസ്.എൻ എൻജിനിയറിങ് കോളേജ് വിദ്യാർഥികൾ.

Eight students of PSN Engineering College in Dindigul died in an road accident in Thrissur.

5. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ യഥാർത്ഥ വലിപ്പം കൃത്യമായി രേഖപ്പെടുത്തുന്ന പുതിയ ഭൂപടത്തിന് അംഗീകാരം നൽകി ഐക്യരാഷ്ട്രസഭ.

The UN General Assembly has voted to replace the traditional world map with one that more accurately reflects the size of Africa.

6. ലോക അമ്പെയ്ത്ത് പാരാ സീരീസിന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കം. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് രാത്രി 8 ന് ഇന്ത്യ-പാകിസ്ഥാനെ നേരിടും.

World Archery Para Series begins in Gujarat; India to Face Pakistan in Women's T20 Asia Cup at 8 pm today.

## TEACHERS DAY

ഇന്ന് ദേശീയ അധ്യാപകദിനം. വിദ്യാഭ്യാസവിചക്ഷണനും തത്ത്വചിന്തകനും മുൻ രാഷ്ട്രപതിയുമായിരുന്നു ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മവാർഷികമാണ് അധ്യാപക ദിനമായി ആചരിക്കുന്നത്. രാഷ്ട്രനിർമ്മാണത്തിൽ അധ്യാപകർ വഹിക്കുന്ന പ്രധാന പങ്കിനെ അനുസ്മരിക്കുന്നതിനാണ് ദിനാചരണം. രാജ്യമെമ്പാടും വിവിധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

*******************************

## PREZ-TEACHERS DAY AWARD

അധ്യാപകർ അറിവുകൾ നിരന്തരം പുതുക്കാനും പുതിയ സാങ്കേതികവിദ്യകളും നൂതന അധ്യാപന രീതികളും സ്വീകരിക്കാനും രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ആഹ്വാനം. വിദ്യാർത്ഥികളിൽ സ്വതന്ത്ര ചിന്തയും അന്വേഷണ

മനോഭാവവും വളർത്താൻ അധ്യാപകർ ശ്രദ്ധിക്കണമെന്ന് അധ്യാപകദിന സന്ദേശത്തിൽ രാഷ്ട്രപതി ഓർമ്മിപ്പിച്ചു. അധ്യാപക ദിനത്തോടനുബന്ധിച്ച് ഇന്ന് രാവിലെ ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ 48 സ്കൂൾ അധ്യാപകർക്ക് ദേശീയ അധ്യാപക പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിക്കും. 27 സംസ്ഥാനങ്ങൾ, 7 കേന്ദ്രഭരണ പ്രദേശങ്ങൾ, 6 കേന്ദ്ര-സർക്കാർ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നുള്ള അധ്യാപകരാണ് അവാർഡിന് അർഹരായത്. ഇതോടൊപ്പം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പോളിടെക്നിക്കുകളിലെയും 21 അധ്യാപകർക്കും ഫാക്കൽറ്റി അംഗങ്ങൾക്കും രാഷ്ട്രപതി പുരസ്കാരങ്ങൾ വിതരണം ചെയ്യും.
*******************************

## VP - CHENNAI

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ചെന്നൈ സന്ദർശിക്കും. ഹൃദയവാൽവ് സംബന്ധമായ രോഗങ്ങളുടെയും ഹൃദയഘടനയിലെ വൈകല്യങ്ങളുടെയും ചികിത്സാ പുരോഗതിക്കായി സംഘടിപ്പിക്കുന്ന ദേശീയ അക്കാദമിക് സമ്മേളനമായ 'ഇന്ത്യ വാൽവ്സ് 2026'-ൽ അദ്ദേഹം സംബന്ധിക്കും. ചെന്നൈയിലെ ഗിണ്ടിയിൽ 'ഇന്ത്യ വാൽവ് രജിസ്ട്രി'യുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി നിർവഹിക്കും. 'ദിനമലർ' പത്രത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക അനുസ്മരണ തപാൽ സ്റ്റാമ്പ് പ്രകാശന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.
*******************************

## PM-SRCC

ന്യൂഡൽഹിയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. രാത്രി 7 മണിക്ക് നടക്കുന്ന പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. അധ്യാപക ദിനാഘോഷങ്ങളും ഇതിന്റെ ഭാഗമായി നടക്കും. ഡൽഹി സർവ്വകലാശാലയ്ക്ക് കീഴിലുള്ള ശ്രീ രാം കോളേജ് ഓഫ് കൊമേഴ്സ് 1926 ലാണ് സ്ഥാപിതമായത്.

********************************

## AMIT SHA SPORTS (INTRO)

ലോക അമ്പെയ്ത്ത് പാരാ സീരീസ് 2026-ന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കം. 19 രാജ്യങ്ങളിൽ നിന്നായി 105 കായികതാരങ്ങൾ പങ്കെടുക്കും. ഇന്ത്യ ആദ്യമായാണ് ഈ മത്സരങ്ങൾക്ക് വേദിയാകുന്നത്. ലോകത്തിലെ കായിക കേന്ദ്രമായി രാജ്യം അതിവേഗം മാറുകയാണെന്ന് മത്സരങ്ങളുടെ ഉദ്ഘാടനത്തിൽ ചടങ്ങിൽ വീഡിയോ കോൺഫെറെൻസിങ്ങിലൂടെ കേന്ദ്ര മന്ത്രി അമിത് ഷാ പറഞ്ഞു. എല്ലാത്തരം കായിക ഇനങ്ങളിലും പരിശീലനം നൽകുന്നതിനും കായിക ഉപകരണങ്ങളുടെ നിർമ്മാണത്തിലും ഇന്ത്യ പ്രധാന കേന്ദ്രമാകുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്.....)

********************************

## DGMA-E-NAVIC PORTAL

ഇന്ത്യയുടേയും വിദേശ രാജ്യങ്ങളുടെയും പതാകകളുള്ള കപ്പലുകളിലെ ഇന്ത്യൻ നാവികരെ നിരീക്ഷിക്കുന്നതിനായി പുതിയ നാവിക ട്രാക്കിംഗ് മൊഡ്യൂൾ ഇ-നാവിക്ക് പോർട്ടലിൽ ആരംഭിച്ച് മാരിടൈം അഡ്മിനിസ്ട്രേഷൻ ഡയറക്ടറേറ്റ് ജനറൽ. ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളിലെ ഇന്ത്യൻ നാവികരുടെയും കപ്പലുകളുടെയും കേന്ദ്രീകൃത ഡാറ്റാബേസ് മോഡ്യൂളിലൂടെ സൃഷ്ടിക്കാനാകും. സമയബന്ധിതമായി വിവരം കൈമാറാനും, ഏകോപനം, അടിയന്തര പ്രതികരണം എന്നിവ പ്രാപ്തമാക്കാനും ഇതിലൂടെ സാധ്യമാകും.

********************************

## HM-GOA VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ മൂന്നു ദിവസത്തെ ഗോവ സന്ദർശനം ഇന്ന് ആരംഭിക്കും. വിവിധ വകുപ്പുകളുടെ യോഗം ചേരും. തുടർന്ന് അടൽ ഭവനിൽ പുതുതായി നിർമ്മിച്ച ബിജെപി സംസ്ഥാന ഓഫീസ് കെട്ടിടം ശ്രീ ഷാ ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച അദ്ദേഹം വെസ്റ്റേൺ സോണൽ

കൗൺസിൽ യോഗത്തിലും ഗോവ പോലീസിന്റെ അവാർഡ് ദാന ചടങ്ങിലും പങ്കെടുക്കും.

*******************************

## NTA-NET ADMIT CARDS

ഇംഗ്ലീഷ്, കോമേഴ്സ്, സോഷിയോളജി എന്നീ വിഷയങ്ങളിൽ ഈ മാസം 9നും 10നും നടക്കുന്ന യൂജിസി NET പുനഃപരീക്ഷക്കായുള്ള അഡ്മിറ്റ് കാർഡുകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ugcnet.nta.nic.in എന്ന വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡുകൾ ഡൌൺലോഡ് ചെയ്യാവുന്നതാണ്. 9-ാം തീയതി രാവിലെ 9 മണിക്കാരംഭിക്കുന്ന ആദ്യ ഷിഫ്റ്റിൽ ഇംഗ്ലീഷും ഉച്ചയ്ക്ക് 3 മണിക്കാരംഭിക്കുന്ന രണ്ടാം ഷിഫ്റ്റിൽ കോമേഴ്സും 10-ാം തീയതിയിലെ ആദ്യ ഷിഫ്റ്റിൽ സോഷിയോളജിയും ക്രമീകരിച്ചിട്ടുണ്ട്.

*******************************

## N SHAMSUDHEEN - TEACHERS DAY

ദേശീയ അധ്യാപക ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന അധ്യാപക പുരസ്ക്കാര വിതരണവും ശ്രേഷ്ഠ വിദ്യാലയ പുരസ്കാര സമർപ്പണവും മന്ത്രി എൻ. ഷംസുദ്ദീൻ ഇന്ന് കോഴിക്കോട് നിർവഹിക്കും. 8 അധ്യാപകർക്കാണ് അവാർഡുകൾ സമ്മാനിക്കുന്നത്.

*******************************

## THRISSUR - ACCIDENT

തൃശ്ശൂർ കയ്പമംഗലത്ത് ദേശീയ പാതയിൽ നിർത്തിയിട്ട ലോറിയിൽ കാറിടിച്ചുണ്ടായ അപകടത്തിൽ എട്ട് മരണം. ഇന്നലെ അർധരാത്രിയായിരുന്നു അപകടം. മരിച്ചവരിൽ തിരിച്ചറിഞ്ഞ 5 പേർ ഡിണ്ടിഗൽ പി.എസ്.എൻ എൻജിനിയറിങ് കോളേജ് വിദ്യാർഥികളാണ്. അപകടത്തിൽപ്പെട്ട കാർ പൂർണമായും തകർന്നു.

*******************************

## NEPAL-INDIAN EVACUEES (INTRO)

നേപ്പാളിലെ പ്രളയബാധിത പ്രദേശമായ ത്രിശൂലി ബസാറിൽ നിന്നും മൂന്നു ഇന്ത്യൻ വംശജരെ രക്ഷപെടുത്തിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. 169 പേരെയാണ് ഇതുവരെ രക്ഷപ്പെടുത്തിയത്. 275 ഇന്ത്യക്കാരെ ഇനിയും കണ്ടെത്തതാനുണ്ടെന്നും വിദേശമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. മിന്നൽ പ്രളയത്തിന്റെ കെടുതികൾ നേരിടുന്ന നേപ്പാളിന് 95 ടൺ ദുരിതാശ്വാസ സാമഗ്രികൾ ഇന്ത്യ എത്തിച്ചതായും അദ്ദേഹം പറഞ്ഞു.

(വോയിസ്....)

കാണാതായ ഇന്ത്യക്കാരുടെ അടുത്ത ബന്ധുക്കളുടെ ഡിഎൻഎ പ്രൊഫൈലിങ് നടത്താൻ നിർദേശം നൽകിയതായും ശ്രീ.രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

********************************

## CRICKET-WOMENS ASIA CUP

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. മുൻ മത്സരങ്ങളിൽ തായ്ലൻഡിനെയും ഹോങ്കോങ്ങിനെയും പരാജയപ്പെടുത്തിയ ഇന്ത്യ ഇതിനകം സെമിഫൈനൽ യോഗ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ആതിഥേയരായ യുഎഇ ആറ് വിക്കറ്റിന് ഇന്തോനേഷ്യയെ പരാജയപ്പെടുത്തി.

********************************

## BADMINTON-CHINA MASTERS

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് സഖ്യമായ സാത്വിക് സായിരാജ് രങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും ഇന്ന് സെമി ഫൈനലിൽ ഇറങ്ങും. മലേഷ്യയുടെ നൂർ മുഹമ്മദ് അസ്രിയൻ–അയൂബ് - താൻ വീ കിയോങ് ടീമിനെയാണ് ഇന്ത്യൻ സഖ്യം നേരിടുക. ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ഡെന്മാർക്ക് സഖ്യത്തെ

ഒന്നിനെതിരെ രണ്ട് ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ടീം സെമിയിലെത്തിയത്. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ കിഡംബി ശ്രീകാന്ത് ഹോങ്കോങ്ങിന്റെ ലീ ച്യുക് യുവിനോട് പരാജയപ്പെട്ടു. വനിതാ സിംഗിൾസിൽ യുവതാരം തൻവി ശർമ്മ ജപ്പാന്റെ തമോക മിയാസാക്കിയോടു തോൽവി ഏറ്റുവാങ്ങി.

********************************

## UNGA-NEW WORLD MAP

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ യഥാർത്ഥ വലിപ്പം കൃത്യമായി രേഖപ്പെടുത്തുന്ന പുതിയ ഭൂപടത്തിന് അംഗീകാരം നൽകി ഐക്യരാഷ്ട്രസഭ. യുഎൻ പൊതുസഭയിൽ ആഫ്രിക്കൻ യൂണിയൻ പിന്തുണയോടെ ടോഗോ അവതരിപ്പിച്ച 'കറക്റ്റ് ദി മാപ്പ്' പ്രമേയം 164 രാജ്യങ്ങളുടെ പിന്തുണയോടെയാണ് പാസായത്. അമേരിക്ക പ്രമേയത്തെ എതിർത്ത് വോട്ട് ചെയ്തു. ആറ് രാജ്യങ്ങൾ വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു. പതിനാറാം നൂറ്റാണ്ട് മുതൽ ഉപയോഗിക്കുന്ന പരമ്പരാഗത 'മെർക്കേറ്റർ' ഭൂപടത്തിൽ ഭൂമിയുടെ ഉപരിതലം ദ്വിമാന ചാർട്ടിലേക്ക് മാറ്റുമ്പോൾ ഉണ്ടാകുന്ന വലിപ്പവ്യത്യാസം പരിഹരിക്കാൻ 2018-ൽ വികസിപ്പിച്ച 'ഈക്വൽ എർത്ത് പ്രൊജക്ഷൻ' ഭൂപടം കഴിഞ്ഞ ഫെബ്രുവരിയിൽ ആഫ്രിക്കൻ യൂണിയൻ ഔദ്യോഗികമായി അംഗീകരിച്ചിരുന്നു.

********************************

## RUSSIA-UKRAINE

യുക്രെയ്ൻ തലസ്ഥാനമായ കീവിന്റെ മധ്യഭാഗത്തുള്ള സുരക്ഷാ ആസ്ഥാനത്തിന് നേരെ റഷ്യൻ ഡ്രോൺ ആക്രമണം. യുഎസ് ഉദ്യോഗസ്ഥരുമായി യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള നയതന്ത്ര ചർച്ചകൾ നടക്കാനിരിക്കെയാണ് ശക്തമായ ആക്രമണം ഉണ്ടായതെന്ന് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കി പറഞ്ഞു.